# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3656 19.02.2013 – ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ.അസീസ് : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പ്രവർത്തനത്തിന്റെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>1. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പാരിസ്ഥിതിക പഠനം പൂർത്തിയാക്കി. പഠന റിപ്പോർട്ട് ഉടനെ പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>2. പദ്ധതിയുടെ നിർമ്മാണത്തിന് ഏറ്റവും ആവശ്യമായ ബാക്കപ്പ് ഏര്യ, റോഡ്, ട്രക്ക് ടെർമിനൽ എന്നിവയ്ക്കുള്ള സ്ഥലത്തിന്റെ 90% ഏറ്റെടുത്തു കഴിഞ്ഞു. വെയർഹൗസിങ്ങിന് വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.<br><br>3. പദ്ധതിയുടെ മാസ്റ്റർ പ്ലാൻ പൂർത്തിയാക്കി.<br><br>4. പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ ഇ.പി.സി ടെൻഡർ നടപടികൾ പൂർത്തിയാക്കുന്ന തരത്തിൽ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br><br>5. ബാഹ്യ അടിസ്ഥാന സൗകര്യ വികസനം. |

**വൈദ്യുതി**

വിഴിഞ്ഞം - ബാലരാമപുരം ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ,

ബാലരാമപുരം - കാട്ടാക്കട ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ എന്നിവ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

**ശുദ്ധജലവിതരണ പദ്ധതി** പൂർത്തിയായി വരുന്നു.

**റോഡ്**

600 മീറ്റർ നീളമുള്ള റോഡിന്റെ 530 മീറ്റർ പൂർത്തിയായി. ബാക്കിയുള്ള ദൂരം പരിസരവാസികളുടെ എതിർപ്പു മൂലം തൽക്കാലം നിർത്തി വച്ചിരിക്കുന്നു.

പദ്ധതി പ്രദേശത്തെ എൻ എച്ച് ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണത്തിന് എൻ. എച്ച് എ ഐ യുടെ അനുമതി ലഭിക്കേണ്ടതുണ്ട്.

**റെയിൽ**

പദ്ധതി പ്രദേശത്തേയ്ക്കുള്ള റെയിൽ നിർമ്മാണം ഇന്ത്യാ ഗവൺമെന്റിന്റെ റെയിൽ ബഡ്ജറ്റിൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയായി കൂട്ടിച്ചേർത്തിട്ടുണ്ട്. തലസ്ഥാനത്ത് പുതുതായി അനുവദിച്ച മോണോ റെയിലിന്റെ നിർദ്ദിഷ്ട പാത, തുറമുഖ പദ്ധതിയുടെ മുൻ നിശ്ചയിച്ചിരുന്ന പാതയുമായി കൂട്ടിമുട്ടുന്നതിനാൽ, ആർ.വി.എൻ.എൽ (റെയിൽ വികാസ് നിഗം ലിമിറ്റഡ്) മോണോ റെയിൽ പദ്ധതിയെ ബന്ധിക്കാതെ തറനിരപ്പിൽ കൂടിയുള്ള ~~ഒരു പുതിയ പാത കണ്ടെത്തി~~ പഠിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ചു പഠനം നടത്തുകയും വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് റെയിൽവേക്കു സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇത് എന്ന് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ബി) പാരിസ്ഥിതിക അനുമതി ലഭിച്ചാൽ ഉടൻ തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും, തുടർന്ന് 3 വർഷം കൊണ്ട് തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

സെക്ഷൻ ഓഫീസർ